# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T6568 — 09.07.2014-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ ശശീന്ദ്രൻ<br>,, തോമസ് ചാണ്ടി | ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |

## ബഡ്ജറ്റ് പ്രഖ്യാപനത്തിലെ നടപ്പിലാകാത്ത പദ്ധതികൾ

| | | |
|---|---|---|
| (എ) | 2013-14 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | 2013-14 വർഷത്തെ ബഡ്ജറ്റിൽ മുന്നൂറ്റി എൺപതോളം പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. വിവിധ ഭരണവകുപ്പുകൾ ലഭ്യമാക്കിയിട്ടുള്ള വിശദാംശങ്ങൾ പ്രകാരം ഇരുന്നൂറോളം പദ്ധതികൾക്ക് ഇതിനോടകം തന്നെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഭരണാനുമതി നല്കിക്കഴിഞ്ഞ പദ്ധതികളുടെ നിർവഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഒട്ടുമിക്ക പദ്ധതികളുടെയും നിർവഹണത്തിന് ബഡ്ജറ്റിൽ തന്നെ ആവശ്യമായ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടില്ലാത്ത പദ്ധതികൾക്ക് ഭരണവകുപ്പ് സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ തുക ഉപധനാഭ്യർത്ഥനകളിലൂടെ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ സാങ്കേതിക കാരണങ്ങൾ കൊണ്ട് ചില പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | ബഡ്ജറ്റ് പ്രസംഗത്തിലും ബഡ്ജറ്റ് എസ്റ്റിമേറ്റിലുമായി പ്രഖ്യാപിച്ച 174 പദ്ധതികൾക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | |
| (സി) | ബഡ്ജറ്റിലെ പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ ഒന്നും നടപ്പിൽ വരുത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ഉയർന്ന മുൻഗണന നൽകി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ